**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3023** **03-08-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരസഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ; | (എ) | 3635 |
| (ബി) | പ്രസ്തുത സംഘങ്ങൾ കേരളത്തിൽ നിന്ന് ശേഖരിക്കുന്ന പാലിന്റെ അളവും ഇതര സംസ്ഥാനങ്ങളിൽ നിന്ന് ശേഖരിക്കുന്ന പാലിന്റെ അളവും എത്ര വീതമാണെന്ന് വ്യക്തമാക്കാമോ; | (ബി) | മിൽമ മേഖലായൂണിയനുകൾ വഴി ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും 2021 ജൂലൈ മാസത്തെ പ്രതിദിന ശരാശരി കണക്കനുസരിച്ച് 15,17,300 ലിറ്ററോളം പാൽ സംഭരിക്കുന്നുണ്ട്. വിപണനത്തിന് മതിയാകുമെന്നതിനാൽ ഇപ്പോൾ മിൽമ പുറത്തു നിന്നും പാൽ വാങ്ങുന്നില്ല. സ്വകാര്യ പാൽ വിതരണ കമ്പനികൾക്കായുള്ള പാലാണ് അതിർത്തി കടന്ന് എത്തുന്നത്. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല ചെക്ക് പോസ്റ്റുകൾ വഴി ജൂൺ മാസത്തിൽ പ്രതിദിനം ശരാശരി 4.9 ലക്ഷം ലിറ്റർ പാലാണ് കേരളത്തിലേക്ക് വന്നിട്ടുള്ളത്. |
| (സി) | ലോക്ഡൗൺ കാലഘട്ടത്തിൽ പ്രസ്തുത സംഘങ്ങൾ ശേഖരിച്ച പാൽ ഉപയോഗയോഗ്യമല്ലാതെ നശിപ്പിക്കേണ്ടതായി വന്നിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ലോക്ഡൗൺ കാലഘട്ടത്തിൽ ക്ഷീരസംഘങ്ങൾ ശേഖരിച്ച പാൽ ഉപയോഗയോഗ്യമല്ലാതെ നശിപ്പിക്കേണ്ടതായി വന്നിട്ടില്ല. ശേഖരിച്ച മുഴുവൻ പാലും മിൽമ സംഭരിച്ചിട്ടുണ്ട്. വിപണനം കഴിഞ്ഞ് ബാക്കി വന്ന അധിക പാൽ അന്യ സംസ്ഥാനത്ത് കൊണ്ടുപോയി പാൽപ്പൊടിയാക്കി മാറ്റുന്നു. |
| (ഡി) | എല്ലാ ജില്ലയിലും പാൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവിൽ എല്ലാ മിൽമാ പ്ലാന്റുകളിലും പാലുല്പന്നങ്ങൾ നിർമ്മിച്ചുവരുന്നുണ്ട്. കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. സംസ്ഥാനത്തുതന്നെ പാൽപ്പൊടി നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ